LIBRARY ARCHIVES Kerala Legislative Assembly

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പ്രവൃത്തികൾ

126(2482) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് നിർമ്മാണപ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

&

(ബി) ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിലവിൽ ആരെയും ടൂറിസം വകുപ്പ് ചുമതലപ്പെടുത്തിയിട്ടില്ല. നിലവിലുള്ള എംപാനൽ ഏജൻസികളിൽ നിന്നും അനുയോജ്യമായ ഏജൻസിയെ കണ്ടെത്തി DPR തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി

127(2483) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗത്തിന് ശേഷം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ സഞ്ചാരികളെ വരവേൽക്കാൻ പൂർണ്ണസജ്ജമാണെന്ന പ്രചരണം ദേശീയ തലത്തിൽ തന്നെ നടത്തുകയുണ്ടായി. 'ചേഞ്ച് ഓഫ് എയർ' എന്ന് പേരിട്ട പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിൻ 2020-ൽ തന്നെ നടത്താനായി. പ്രിന്റ്, ടെലിവിഷൻ, ഒ.ടി.ടി., റേഡിയോ, സോഷ്യൽ മീഡിയ, മറ്റ് ഓൺലൈൻ മാധ്യമങ്ങൾ എന്നിവ വഴി ഏറെ ശ്രദ്ധ പിടിച്ച് പറ്റിയ ക്യാമ്പയിനായിരുന്നു പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിൻ 2020. കൂടാതെ, ടൂറിസം മേഖല ഉറക്കുന്ന മുറയ്ക്ക് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാൻ വിവിധ പ്രൊമോഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചനയിലാണ്.